# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2778 — 12.03.2018 -ൽ മറുപടിക്ക്

## റവന്യൂ വകുപ്പിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>(ബി) റവന്യൂ വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റവന്യൂ വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങളും സർവ്വീസ് ഡെലിവറിയും മെച്ചപ്പെടുത്തുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം എത്രത്തോളം ഉപകരിച്ചു എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) സർവ്വീസ് ഡെലിവറിയിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം എത്രമാത്രം പ്രയോജനപ്പെട്ടു എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ജില്ലാ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ:

**1. ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ**

സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചു വരുന്നു. വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖ സംവിധാനവുമായി സംയോജിപ്പിക്കുന്നു.

**2. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**3. ഇ-പേയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നികുതികൾ അടയ്ക്കുവാൻ കഴിയുന്ന സംവിധാനമാണിത്. ആകെയുള്ള 1664 വില്ലേജുകളിൽ 1445 വില്ലേജുകളിൽ ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**4. ആർ.ആർ ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും. അതോടൊപ്പം വില്ലേജ് ഓഫീസർക്ക് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നതാണ്.

**5. ഇ-ഡിസ്ട്രിക്ട്**

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു.

**6. ഇ-ഓഫീസ്**

കടലാസ് രഹിത ഓഫീസ് പദ്ധതിയായ ഈ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നു. ഈ സംവിധാനത്തിലൂടെ ഓഫീസുകളിലെ ഫയൽനീക്കം പൂർണ്ണമായും ഡിജിറ്റൽ രീതിയിലേക്ക് മാറ്റപ്പെടുന്നതാണ്. കൂടാതെ പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുന്നതിനും കഴിയുന്നതാണ്.

3.0